(v) പേരിന്റെ പ്രസക്തി

ഇസ്‌ലാമിക സാഹിത്യം എന്ന പേരിന്റെ പ്രസക്തിയെത്തന്നെ ചിലർ ചോദ്യം ചെയ്യുന്നുണ്ട്. ഇവർ രണ്ടു തരക്കാരുണ്ടെന്ന് ഡോ. അബ്ദുൽ ഖുദ്ദൂസ് നിരീക്ഷിക്കുന്നു. ഇസ്‌ലാമിനോട് തീരെ പ്രതിബദ്ധതയില്ലാത്തവരോ അപകർഷബോധത്താൽ ഇസ്‌ലാമിന്റെ പേരിൽ അറിയപ്പെടാൻ ആഗ്രഹിക്കാത്തവരോ ആണ് ഒരു വിഭാഗം. സർഗ സാഹിത്യത്തെ മതത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും പേരിൽ തരം തിരിക്കുന്നതിനോട് അവർക്ക് യോജിപ്പില്ല. ഈ വാദത്തിൽ കഴമ്പില്ലെന്നാണ് ഡോ. നജീബ് കീലാനിയുടെ പക്ഷം. ''ലോകത്തിലെ എല്ലാ വലിയ തത്ത്വശാസ്ത്രങ്ങളും ചില സാഹിത്യരൂപങ്ങൾക്ക് ജന്മം നല്കുകയും അവ ആ തത്ത്വശാസ്ത്രങ്ങളുടെ പേരിൽ അറിയപ്പെടുകയും ചെയ്തിട്ടുണ്ട്. സമകാലിക സാഹിത്യത്തിൽ തന്നെ ഇതിന് ധാരാളം ഉദാഹരണങ്ങൾ കണ്ടെത്താൻ സാധിക്കും. അസ്തിത്വവാദ സാഹിത്യം, സോഷ്യലിസ്റ്റ് സാഹിത്യം, മാർക്സിസ്റ്റ് സാഹിത്യം, സോഷ്യലിസ്റ്റ് റിയലിസം, അസംബന്ധ സാഹിത്യം, മിഷനറി സാഹിത്യം, ക്രൈസ്തവ സാഹിത്യം, ജൂത സാഹിത്യം, ബൂർഷ്വാ സാഹിത്യം തുടങ്ങിയ പേരുകൾ മാത്രമല്ല റൊമാന്റിക്, ക്ലാസ്സിക്, ഇംപ്രഷനിസ്റ്റ്, ഫ്രോയിഡിയൻ, നേചറലിസ്റ്റ് തുടങ്ങിയ പേരുകൾ വരെ അവയ്ക്കു പിന്നിലുള്ള ചില തത്ത്വശാസ്ത്രങ്ങളെയാണ് സൂചിപ്പിക്കുന്നത്. ആധുനികനോ പൗരാണികനോ ആയ ഏതെങ്കിലും ഒരു തത്ത്വചിന്തകനുമായി ബന്ധമില്ലാത്ത ഒരു സാഹിത്യ രൂപത്തെയും പാശ്ചാത്യ ലോകത്ത് കാണാനാവില്ല. അസ്തിത്വ വാദികൾ ഗദ്യത്തിൽ പ്രതിബദ്ധത ആവാമെന്നും കവിതയിൽ അത് പാടില്ലെന്നും പറയുന്നു. എന്നാൽ പഴമക്കാരും പുതുമക്കാരുമായ ഭൂരിപക്ഷം കവികളും ഏതെങ്കിലും ദാർശനിക ചിന്താ സരണിയോട് ഒട്ടിനില്ക്കുന്നവരും അവയുടെ സിദ്ധാന്തങ്ങൾ ഏറ്റുപാടുന്നവരുമാണ്. വസ്തുത ഇതായിരിക്കെ ഇസ്‌ലാമിക സാഹിത്യം എന്ന പ്രയോഗം മാത്രം ആക്ഷേപാർഹമാകുന്നത് എങ്ങനെയാണ്'' (*അൽമദ്ഖലു ഇലൽഅദബിൽ ഇസ്‌ലാമി പേ. 39-40*).

ഇസ്‌ലാമിക സാഹിത്യം എന്ന പേരിനോട് വിയോജിപ്പുള്ള രണ്ടാമത്തെ വിഭാഗം ഇസ്‌ലാമിനോട് പ്രതിബദ്ധതയില്ലാത്തതുകൊണ്ടല്ല, മറിച്ച് മറ്റു ചില കാരണങ്ങളാലാണ് അതിനെ എതിർക്കുന്നത്. പകരമായി വേറെ ചില പേരുകൾ അവർ നിർദേശിക്കുന്നുമുണ്ട്. അറബി സാഹിത്യം എന്ന പേരുമതി എന്നാണ് ഒരു കൂട്ടരുടെ വാദം. ഇസ്‌ലാമിക സാഹിത്യത്തിന്റെ പ്രഥമ ഭാഷ അറബിയാണെന്ന കാര്യത്തിൽ ആർക്കും വിയോജിപ്പില്ല. എന്നാൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവരും വിവിധ ഭാഷകളിൽ സാഹിത്യാവിഷ്കാരം നടത്തിക്കൊണ്ടിരിക്കുന്നവരുമായ ധാരാളം ഇസ്‌ലാമിസ്റ്റുകളുണ്ട്. ഇവരുടെ രചനകളെ ഉൾക്കൊള്ളാനുള്ള വിശാലത അറബി സാഹിത്യം എന്ന പ്രയോഗത്തിനില്ല എന്നതിനാൽ ഭൂരിപക്ഷം പേരും ഈ പേരിനെ നിരാകരിക്കുന്നു.

'ഇസ്‌ലാമികത' എന്നാണ് നിർദേശിക്കപ്പെടുന്ന മറ്റൊരു പേര്. *ഇസ്‌ലാമികതയും സാഹിത്യ സരണികളും* എന്ന പുസ്തകത്തിലൂടെ ഡോ. നജീബ് കീലാനിയാണ് ഈ ആശയം ആദ്യമായി മുന്നോട്ടു വെച്ചത്. കീലാനി പിന്നീട് റാബിത്വതുൽ അദബിൽ ഇസ്‌ലാമിയിൽ അംഗമാവുകയും 'ഇസ്‌ലാമിക സാഹിത്യ'ത്തിന്റെ മുഖ്യ വക്താവും പ്രചാരകനുമായി മാറുകയും ചെയ്തു. മുഹമ്മദ് ആദിൽ ഹാശിമിയെപ്പോലുള്ള ചിലരാണ് ഇപ്പോഴും 'ഇസ്‌ലാമികത' എന്ന പേര് കൊണ്ടുനടക്കുന്നത്. എന്നാൽ 'ഇസ്‌ലാമികത' എന്ന ഈ പ്രയോഗം അപൂർണമാണെന്നതാണ് വസ്തുത. വക്താവ് ഉദ്ദേശിക്കുന്ന ആശയത്തെ പൂർണമായി വ്യക്തമാക്കുവാൻ പര്യാപ്തമല്ലത്. കാരണം, എന്തിന്റെ ഇസ്‌ലാമികത എന്ന മറുപടിയില്ലാത്ത ചോദ്യം കേൾവിക്കാരന്റെ മനസ്സിൽ അതവശേഷിപ്പിക്കുന്നു.

ഇപ്രകാരം വേറെ ചിലർ അൽ ഇത്തിജാഹുൽ ഇസ്‌ലാമി (ഇസ്‌ലാമികോന്മുഖം) എന്ന ഒരു പേരും നിർദേശിക്കുകയുണ്ടായി. 'ഇസ്‌ലാമികത' എന്ന പേരിനുള്ള ദോഷം ഇതിനുമുണ്ട്. 'മുസ്‌ലിം സാഹിത്യം' എന്നതാണ് ശക്തിപൂർവം നിർദേശിക്കപ്പെടുന്ന മറ്റൊരു പേര്. ഇസ്‌ലാമിക സാഹിത്യം എന്ന പേര് ഒട്ടേറെ മുസ്‌ലിം സാഹിത്യകാരന്മാരെയും അവരുടെ രചനകളെയും പുറത്തു നിർത്തുന്നു എന്നതാണ് ഈ പേര് നിർദേശിക്കുന്നവരുടെ ആക്ഷേപം. എന്നാൽ ഇവർ മനസ്സിലാക്കാതെ പോകുന്ന ഒരു സംഗതിയുണ്ട്. ഇസ്‌ലാമിക സാഹിത്യം എന്ന പേര് ഒരു സവിശേഷ ദർശനത്തെയും ആശയ സംഹിതയെയുമാണ് കുറിക്കുന്നത്. സാഹിത്യകാരന്റെ മതമോ ജാതിയോ അല്ല, സാഹിത്യത്തിന്റെ പ്രമേയവും ഉള്ളടക്കവുമാണത് ധ്വനിപ്പിക്കുന്നത്. മാർക്സിസം, അസ്തിത്വവാദം, മുതലാളിത്തം, ഹൈന്ദവ ദർശനം, ബുദ്ധ ദർശനം, ഫ്രോയിഡിന്റെയും യുങ്ങിന്റെയും മനഃശാസ്ത്ര സിദ്ധാന്തങ്ങൾ തുടങ്ങിയ വ്യത്യസ്ത ദർശനങ്ങളുടെ വീക്ഷണ കോണിൽനിന്ന് സാഹിത്യ രചന നടത്തുന്നവരെ മുസ്‌ലിംകളാണെന്നതുകൊണ്ടു മാത്രം ഒറ്റക്കള്ളിയിൽ നിർത്തുന്നതിൽ അർഥമില്ല. അദബുദ്ദഅ്‌വഃ (പ്രബോധന സാഹിത്യം) എന്ന മറ്റൊരു പേരും നിർദേശിക്കപ്പെടുകയുണ്ടായിട്ടുണ്ട്. സാഹിത്യത്തിന്റെ പ്രചാരണ രംഗത്തെ മുഴപ്പിച്ചു കാട്ടുന്നു എന്നതാണ് ഈ പേരിന്റെ ദോഷം. ഇസ്‌ലാമിക സാഹിത്യം സോദ്ദേശ്യ സാഹിത്യമാണെങ്കിലും അതിനെ വെറും പ്രചാരണ സാഹിത്യമായി കാണാൻ ഇസ്‌ലാമിക സാഹിത്യത്തിന്റെ സൈദ്ധാന്തികർ തയ്യാറല്ല.